പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

18.02.2021

# ബാലസൗഹൃദകേരളം: പരിശീലകർക്കുള്ള പരിശീലനം ഇന്നും നാളെയും

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിക്കുന്ന ബാലസൗഹൃദ കേരളം പദ്ധതിയുടെ പരിശീലകർക്കായി സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടി ഇന്നും നാളെയും തിരുവനന്തപുരം ശ്രീകാര്യം മരിയ റാണി ട്രെയിനിംഗ് സെന്ററിൽ നടക്കും. രാവിലെ 11 മണിക്ക് നടക്കുന്ന ചടങ്ങിൽ ആരോഗ്യം-സാമൂഹികനീതി-വനിത-ശിശുവികസന വകുപ്പ് മന്ത്രി കെ. കെ. ശൈലജ ടീച്ചർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യും. വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ ടി. വി അനുപമ ഐ.എ.എസ്, അംഗങ്ങളായ സി. വിജയകുമാർ, റെനി ആന്റണി എന്നിവർ പ്രസംഗിക്കും. കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ അദ്ധ്യക്ഷനായിരിക്കും. പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ ഗോപിനാഥ് മുതുകാട് ബാലസൗഹൃദകേരളം - സമൂഹത്തിന്റെ ഉത്തരവാദിത്തം എന്ന വിഷയത്തിൽ ക്ലാസ് നയിക്കും.

കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ഉൾപ്പെടെ സമൂഹത്തിലാകെ ബാലാവകാശങ്ങളെക്കുറിച്ചും കുട്ടികൾക്ക് സംരക്ഷണമൊരുക്കുന്ന നിയമങ്ങളെക്കുറിച്ചും പ്രചരിപ്പിക്കുകയാണ് ബാലസൗഹൃദകേരളം പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും പരിശീലകരുടെ ടീം രൂപീകരിക്കും. പഞ്ചായത്ത് അടിസ്ഥാനത്തിലും വാർഡുകൾ, സ്കൂളുകൾ, അംഗനവാടി തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങളും പരിശീലനവും സംഘടിപ്പിക്കും. പഞ്ചായത്ത്, വാർഡ്, സ്കൂൾതലങ്ങളിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ ശാക്തീകരിക്കും. പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ പ്രൊഫ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിലുള്ള നാടക-മാജിക് സംഘം കേരളമൊട്ടാകെ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും.

ജില്ലകളിൽനിന്ന് പ്രത്യേകമായി ക്ഷണിക്കപ്പെട്ട 100 പേർക്ക് ബാലസൗഹൃദ കേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതിനും ബാലാവകാശങ്ങളെക്കുറിച്ചും ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ചും പരിശീലനം നൽകുന്നതിനും വേണ്ടിയാണ് സംസ്ഥാനതലത്തിൽ ദ്വിദിന ക്യാമ്പ് സംഘടിപ്പിക്കുന്നത്.

ഇന്ന് വിവിധ വിഷയങ്ങളിൽ ജിജോ ചിറ്റാടി, കമ്മീഷൻ അംഗം കെ. നസീർ, ജില്ല പ്രൊബേഷൻ ഓഫീസർ കെ. സുബൈർ, തിരുവനന്തപുരം മെഡിക്കൽ കോളജ് സൈക്യാട്രിസ്റ്റ് ഡോ. അനിൽകുമാർ എന്നിവർ ക്ലാസെടുക്കും. കമ്മീഷൻ അംഗങ്ങളായ ഫാ. ഫിലിപ്പ് പരക്കാട്ട്, ബി. ബബിത, പബ്ലിക് റിലേഷൻസ് ഓഫീസർ ആർ. വേണുഗോപാൽ, സെക്ഷൻ ഓഫീസർ ലിൻഡ ഫ്ളെച്ചർ, സീനിയർ ടെക്നിക്കൽ ഓഫീസർ ആൽഫ്രഡ് ജോർജ് എന്നിവർ സെഷനുകൾ നിയന്ത്രിക്കും.

നാളെ നടക്കുന്ന സമാപന സമ്മേളനം സഹകരണം-വിനോദ സഞ്ചാരം-ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ അദ്ധ്യക്ഷനാകും. സാമൂഹികനീതി-വനിത-ശിശു-വികസന വകുപ്പ് സെക്രട്ടറി ബിജു പ്രഭാകർ ഐ.എ.എസ്, കമ്മീഷൻ അംഗങ്ങളായ ഫാ. ഫിലിപ്പ് പരക്കാട്ട്, റെനി ആന്റണി എന്നിവർ പ്രസംഗിക്കും. വിവിധ വിഷയങ്ങളിൽ കമ്മീഷൻ അംഗങ്ങളായ പി.പി ശ്യാമളാദേവി, സി. വിജയകുമാർ, കില ഡയറക്ടർ ജോയ് ഇളമൺ എന്നിവർ ക്ലാസുകൾ നയിക്കും. കമ്മീഷൻ എ.ഒ എസ്. സബിത, സീനിയർ ടെക്നിക്കൽ ഓഫീസർ തുഷാര ഭാസ്കർ, കേസ് വർക്കർ ദേവി പി. ബാലൻ എന്നിവർ സെഷനുകൾ നിയന്ത്രിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ**